# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1748** | **01/11/2019 -ൽ മറുപടിക്ക്**

## പ്രബുദ്ധത പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രബുദ്ധത പദ്ധതി എന്നു മുതൽ നടപ്പിലാക്കിയെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ ; | (എ) | ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്ക്കരണവും സാമൂഹിക വത്ക്കരണവും ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്ക്കരിച്ച പദ്ധതി യാണ് പ്രബുദ്ധത പദ്ധതി. പ്രസ്തുത പദ്ധതി യുടെ ഉദ്ഘാടനം ചെയ്തത് ***2018 ഒക്ടോബർ 24*** നാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും, കുടുംബശ്രീയുടെ സമൂഹാ ധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെയും, സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ കരകുളം പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. കേരള സർവ്വകലാശാല വി.എസ്.എസ്.സി., സി.റ്റി.സി.ആർ.ഐ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി അടക്കമുള്ള തലസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ - വിജ്ഞാന കേന്ദ്രങ്ങൾ പ്രബുദ്ധത പദ്ധതി യുടെ നടത്തിപ്പിൽ പങ്കാളികളായി. |
| (ബി) ഇതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴിയുള്ള ബ്രെയിൻ ഗെയിൻ, പ്രബുദ്ധത എന്നീ പദ്ധതികളുടെ നിലവിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കമോ; | (ബി) | വിദേശത്ത് സ്ഥിരതാമസമാക്കിയ സ്വദേശികളായ അക്കാദമിക വിചക്ഷണരേയും പണ്ഡിതരേയും നിശ്ചിത ഇടവേളകളിൽ നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവന്ന് സംസ്ഥാനത്തെ സർവകലാശാലകളിലേയും കോളേജുകളി ലേയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാംവിധം അവരുടെ സേവനം കൂടുതൽ സമയം ലഭ്യമാക്കുന്നതിനാണ് ബ്രെയിൻ ഗെയിനിലൂടെ ലക്ഷ്യമിടുന്നത്. യഥാർത്ഥത്തിൽ എറുഡൈറ്റ് പദ്ധതിയുടെ ഭാഗമായാണ് ബ്രെയിൻ ഗെയിൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ബ്രെയിൻ ഗെയിൻ പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല.<br><br>കരകുളം ഗ്രാമപഞ്ചായത്തിൽ പൈലറ്റ് ചെയ്യപ്പെടുന്ന പ്രബുദ്ധത പദ്ധതി അതിന്റെ അവസാന ഘട്ടത്തിലാണ് ഇപ്പോൾ ഉള്ളത്. കരകുളം പഞ്ചായത്തിൽ മാത്രമാണ് പ്രബുദ്ധത പദ്ധതി പൈലറ്റ് ചെയ്യപ്പെട്ടിരുന്നെങ്കിലും അതിന്റെ സ്വാധീനവും പ്രതിഫലനങ്ങളും സംസ്ഥാനത്തുടനീളം ദൃശ്യമായിട്ടുണ്ട്. പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന ആശയമായ KAD (Knowledge |

Assimilation and Dissemination) പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലുള്ള ഓരോ സർക്കാർ കോളേജിലും നടപ്പാക്കാനും, ഉത്തര കേരളത്തിലും മധ്യകേരളത്തിലും ഓരോ പഞ്ചായത്തിൽ പ്രബുദ്ധത മാതൃകാപദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കു ന്നുണ്ട്.

പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി കരകുളം പഞ്ചായത്ത് വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, വിജ്ഞാന കേന്ദ്രങ്ങൾക്കും കൈമാറാനുള്ള വൈജ്ഞാനിക ചോദ്യങ്ങൾ, സംശയങ്ങൾ, ആശങ്കകൾ, ആശയങ്ങൾ തുടങ്ങിയവ പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ നിന്നും മാത്രമല്ല കേരളമെമ്പാടുനിന്നും ജനപങ്കാളിത്തത്തോടെ ശേഖരിച്ച് ക്രോഡീകരിക്കാനുള്ള ദൗത്യം ഏറ്റെടുത്ത് നടത്തി വരികയാണ്. ഇതിനായി പ്രബുദ്ധത വോളി ന്റിയർമാർ ഉൾപ്പടെയുള്ള സംഘം തെരഞ്ഞെടുക്കപ്പെട്ട ഉന്നത വിജ്ഞാനകേന്ദ്രങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാർ/ വിദഗ്ധരുമായി സംവദിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ അക്കാദമിക പര്യടനം എന്ന ആശയത്തിൽനിന്ന് പ്രചോദനം ഉ ൾക്കൊണ്ട്, പദ്ധതിയുടെ ഭാഗമായി കേരള സർവ്വകലാശാലയിലെ ജിയോളജി വകുപ്പ്, കരകുളത്തെ ഭൂഗർഭജലത്തിന്റെ ലഭ്യത യെയും ഗുണനിലവാരത്തെയും കുറിച്ച് കരകുളത്ത് ഒരു പഠനം നടത്തിവരികയാണ്.

(സി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തന ങ്ങൾക്കായി ലഭിച്ച കേന്ദ്ര-സംസ്ഥാന സഹായങ്ങൾ എത്ര; നടപ്പാക്കിയ പ്രവർത്തന ങ്ങൾ എന്തെല്ലാം; അതിനായി ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കമോ ?

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിൽ നിന്നും 2017-18ൽ പ്രബുദ്ധത പദ്ധതി ഉൾപ്പെട്ട കൗൺസിലിന്റെ Human Resource Centreന് 50 ലക്ഷം രൂപയ്ക്കും, പ്രബുദ്ധത പദ്ധതിക്കായി 2018-19 ൽ 30 ലക്ഷം രൂപയ്ക്കും, 2019-20 ൽ 15 ലക്ഷം രൂപയ്ക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രബുദ്ധത പ ദ്ധതി പൈലറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോയത്. ഇതിനായി നിരവധി ബ്രെയിൻ സ്റ്റോമിംഗ് ഉൾപ്പടെയുള്ള യോഗങ്ങൾ നടന്നിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിനായി നാളിതുവരെ ആകെ ചെലവായ തുക 8,34,518/ രൂപയാണ്.

**സെക്ഷൻ ഓഫീസർ**